LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

6. [*6] ശ്രീ. കെ. എ. ചന്ദ്രൻ :

,, എം. എം. ഹസ്സൻ :

,, എ. കെ. മണി :

,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനുള്ള കമ്മീഷന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കാൻ കഴിയും?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

(ബി) ഉണ്ട്. 14-3-2005-ലെ സർക്കാർ ഉത്തരവ് (എം എസ്.) നം. 115/05/ധന പ്രകാരം കമ്മീഷന്റെ കാലാവധി 31-12-2005 വരെയായിരുന്നു. പിന്നീട് 24-12-2005-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം. 554/05/ധന പ്രകാരം കമ്മീഷന്റെ കാലാവധി 28-2-2006 വരെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽതന്നെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കത്തക്കവണ്ണം റിപ്പോർട്ട് തരണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

തീവ്രവാദ പ്രവർത്തനങ്ങളും ചാരപ്രവർത്തനങ്ങളും തടയാൻ നടപടി

7. [*7] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എം. കുമാരൻ :

,, പി. എസ്. സുപാൽ :

,, ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങളും ചാര പ്രവർത്തികളും വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;